LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 16, ചൊവ്വ

വാല്യം 157] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2014 ഡിസംബർ മാസം 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ചോദ്യോത്തര വേളയിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം കറുത്ത തുണികൊണ്ട് വായ് മൂടിക്കെട്ടിക്കൊണ്ട് സഭയിൽ ഹാജരായിരുന്നു)

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ *151

വ്യവസായിക മാലിന്യ നിർമ്മാർജ്ജനം

1 (*331) ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
ശ്രീ. പി. സി. ജോർജ്:
ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ പുറത്തുവിടുന്ന മാലിന്യങ്ങളുടെ അളവ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാലിന്യങ്ങളുടെ അളവ് നിയന്ത്രണ വിധേയമാക്കുന്നതിന് വ്യവസായ വകുപ്പ് മുൻകയ്യെടുത്ത് നടത്തുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) വിശാല കൊച്ചിയിലെ ഏലൂർ ഇടയാറിലേയും അമ്പലമുകളിലേയും പാരിസ്ഥിതിക ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വ്യവസായ വകുപ്പ് മുൻകയ്യെടുത്ത് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) ഉണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറന്തുവിടുന്ന പാഴ്ജലത്തിന്റെയും പാഴ്വായുവിന്റെയും ഗുണനിലവാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിൽ വ്യവസ്ഥ ചെയ്യുന്നതിൻ പ്രകാരമാണോ എന്നത് പരിശോധനകളിലൂടെ ബോർഡ് തിട്ടപ്പെടുത്താറുണ്ട്. അനുമതി വ്യവസ്ഥകൾ പ്രകാരം, ബന്ധപ്പെട്ട സ്ഥാപനം തന്നെ, പുറന്തള്ളുന്ന മലിന ജലത്തിന്റെ സാമ്പിളുകൾ നിശ്ചിത കാലയളവുകളിൽ ബോർഡ് അംഗീകരിച്ചിട്ടുള്ള ലാബുകളിൽ പരിശോധിപ്പിച്ച് റിപ്പോർട്ട് ബോർഡിൽ സമർപ്പിക്കേണ്ടതാണ്. വായു ബഹിർഗമനം നടത്തുന്ന പ്രോസസ്സ് സ്റ്റാക്കിന്റെ മോണിറ്ററിംഗും അംഗീകൃത ലാബുകൾ വഴി നടത്തി റിപ്പോർട്ട് ബോർഡിൽ സമർപ്പിക്കേണ്ടതുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണോപാധികൾക്കായി പ്രത്യേക എനർജി മീറ്റർ വ്യവസായ സ്ഥാപനങ്ങളെക്കൊണ്ട് ഏർപ്പെടുത്തിക്കുന്നുമുണ്ട്. ഇതുമൂലം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുന്നു.

(ബി) വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി വഴി മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾക്കും മറ്റും വേണ്ടി വരുന്ന ചെലവ് അടിസ്ഥാന നിക്ഷേപ മൂലധനത്തിൽ ഉൾപ്പെടുത്തി ആ ചെലവുകൂടി കണക്കിലെടുത്ത് ഒരു നിശ്ചിത ശതമാനം പരമാവധി 30 ലക്ഷം രൂപ വരെ ഗ്രാന്റായി നൽകി വരുന്നു.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം, വ്യവസായ വകുപ്പിന്റെ സഹായത്തോടെ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നോഡൽ ഏജൻസിയായി അപകടകരമായ ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി Common Treatment, Storage and Disposal Facility എറണാകുളം ജില്ലയിലെ അമ്പലമുകളിൽ Kerala Enviro Infrastructure Limited എന്ന സ്ഥാപനം വഴി നടപ്പിലാക്കി പ്രവർത്തിപ്പിച്ച് വരുന്നു. സംസ്ഥാനത്തെ എല്ലാ അപകടകരമായ ഖരമാലിന്യ ഉത്പാദകരോടും, കൈകാര്യം ചെയ്യുന്നവരോടും പ്രസ്തുത ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി Kerala Enviro Infrastructure Ltd-ന്റെ പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തണമെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇത്തരത്തിലുള്ള ഏക സംവിധാനമാണ് ഇത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മലിനീകരണ നിയന്ത്രണത്തിനായി ഏലൂരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻവയോൺമെന്റ് സർവൈലൻസ് സെന്ററും പെരിയാറിന്റെ ഇരുകരകളിലുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന എട്ട് സർവൈലൻസ് ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ ഇടയാർ വ്യവസായ മേഖലയിൽ പൊതു മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് 255.60 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇന്ത്യൻ റെയർ എർത്തിന് പാട്ടത്തിന് നൽകിയിരുന്ന 4.75 ഏക്കർ ഭൂമി പാട്ടം റദ്ദ് ചെയ്ത് തിരിച്ചെടുത്ത് ഈ പദ്ധതിക്ക് നൽകുകയുണ്ടായി. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും പ്രദേശവാസികളുടെ എതിർപ്പുമൂലം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കൊച്ചിയിലെ മലിനീകരണ നിയന്ത്രണത്തിനായി ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: സർ, രാജ്യത്തെ പ്രധാനപ്പെട്ട 82 വ്യവസായ മേഖലകളിൽ വ്യവസായ മലിനീകരണം സംബന്ധിച്ച് Central Pollution Control Board, Indian Institute of Technology, ന്യൂഡൽഹിയുമായി സഹകരിച്ച് പഠനം നടത്തുകയും Comprehensive Environment Pollution Index തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ സൂചിക 60-ൽ എത്തിയാൽ തന്നെ വളരെ ഗുരുതരമായ മലിനീകരണ പ്രശ്നം നിലനിൽക്കും എന്നതാണ് സൂചിപ്പിക്കുന്നത്. കൊച്ചിയിലെ സൂചിക 75.08 ആണ്. ഈ സാഹചര്യത്തിൽ കൊച്ചിയിലെ വ്യവസായ മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, അതിനെ സംബന്ധിച്ച് പ്രധാന ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. അവിടെ പൂർണ്ണമായും പ്രശ്നം പരിഹരിക്കണമെങ്കിൽ പൊതുമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കണം. അതിന് സർക്കാർ സ്ഥലം കൊടുക്കുകയും മറ്റ് കാര്യങ്ങൾ ചെയ്യുകയും ചെയ്തു. പക്ഷേ ആ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലത്തുള്ള പ്രദേശവാസികളുടെ എതിർപ്പുകൊണ്ട് അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് അത് ഫോളോ ചെയ്തുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: സർ, Kerala Enviro Infrastructure Limited-നെക്കുറിച്ച് പറഞ്ഞു. കൊച്ചിയിലെ വ്യവസായ ശാലകൾ പുറന്തള്ളുന്ന hazardous waste പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ നിർമ്മാർജനം ചെയ്യുന്നതിനെക്കുറിച്ച് സൂചിപ്പിച്ചെങ്കിലും അത് ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടോ, കാര്യക്ഷമമായി നടത്താൻ സാധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, Enviro Infrastructure എന്നു പറയുന്നത്, ഖരമാലിന്യം, അതുപോലെയുള്ള മറ്റേതുതരത്തിലുള്ള മാലിന്യമാണെങ്കിലും (ഹസാർഡസ് വേസ്റ്റുകൾ, ഇൻഡസ്ട്രിയൽ വേസ്റ്റുകൾ) അത് കൺവെർട്ട് ചെയ്ത് അപകടം ഇല്ലാത്തതരത്തിൽ ലാന്റ്ഫിൽ ചെയ്യാം. അതുപോലെ ആസിഡാണെങ്കിൽ ആൽക്കലി ചേർത്ത് ഡിഫ്യൂസ് ചെയ്ത് കൺവെർട്ട് ചെയ്യുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. അതിനാവശ്യമായ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. വ്യാവസായിക മാലിന്യങ്ങൾ കുറേയൊക്കെ ഇത്തരത്തിൽ കൈകാര്യം ചെയ്യുവരുന്നുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, KMML പോലെയുള്ള വൻകിട വ്യവസായ സ്ഥാപനങ്ങളിലുണ്ടാകുന്ന ഖരമാലിന്യങ്ങളും വാതകചോർച്ചയും തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടുണ്ടെന്ന് പരിശോധിക്കേണ്ടതാണ്. ആ മേഖലയിലുള്ള ജനങ്ങൾ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് പലപ്രാവശ്യം ഈ സഭയിൽ ചർച്ചചെയ്യപ്പെട്ടിട്ടുള്ളതാണ്. ഈ സ്ഥാപനത്തിന്റെ പ്രാന്തപ്രദേശത്ത് താമസിക്കുന്ന ജനങ്ങൾ ഇന്നും വളരെയേറെ രോഗബാധിതരായി മാറിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ ഈ കാര്യത്തിലൊരു പ്രത്യേക ശ്രദ്ധ ആവശ്യമാണ്. KMML ഒരു പൊതുമേഖലാ സ്ഥാപനമാണ്. അതുപോലെ വൻകിട പ്രൈവറ്റ് കമ്പനികളുണ്ട്. അവരും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധാന്തി കാണിക്കുന്നില്ലെന്നുള്ളത് നമുക്കറിയാം. മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അവിടെ ആവശ്യത്തിന് സ്റ്റാഫില്ല. ഒരു ജില്ലയിലെ ഒരുദ്യോഗസ്ഥനെക്കൊണ്ട് ഒരു കാര്യവും നടക്കില്ല. നടക്കുമെന്ന് പ്രതീക്ഷിക്കുന്നത് തന്നെ അപകടമാണ്. ആ നിലയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡുകൂടി പൊളിച്ചെഴുതി ജനോപകാരപ്രദമാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വ്യവസായ വകുപ്പിനുള്ള ചോദ്യമാണെങ്കിലും വ്യവസായ മലിനീകരണം വേറെ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. അത് ശക്തിപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പൊതുവായ നിലയിൽ ആലോചിക്കാം. KMML-നെ സംബന്ധിച്ച് പറഞ്ഞത് ശരിയാണ്. അവിടെനിന്നും പുറന്തള്ളുന്ന മാലിന്യം കാരണം ആളുകൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. അതിനൊരു ശാശ്വത പരിഹാരം നമുക്ക് ആലോചിക്കണം. എന്നുമിങ്ങനെ പ്രദേശവാസികളെ ഇത് സഹിക്കാൻ വിടുന്നത് അഭികാമ്യമല്ല. ഒരുപാട് രോഗങ്ങളും മറ്റും അവിടെയുണ്ടാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എൻ. ജയരാജ്: സർ, നമ്മുടെ വ്യവസായ രംഗത്തിന്റെ ഭാഗമായി ധാരാളം ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ ചെറുകിട വ്യവസായ യൂണിറ്റുകളും മലീനീകരണത്തിന്റെ തോത് കുറയ്ക്കുന്നതിന് ആവശ്യമായിട്ടുള്ള pollution control equipments സ്ഥാപിക്കുക എന്നുള്ളത് ചെലവേറിയ കാര്യമാണ്. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ഒരു കോമൺ എഫ്ലുവൻറ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. ഈ സാദ്ധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ഉപയോഗപ്രദമായ വിധത്തിലുള്ള കോമൺ എഫ്ലുവൻറ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വ്യവസായ മേഖലകളിൽ സാദ്ധ്യത ഉള്ളിടത്തൊക്കെ അത് പ്രോത്സാഹിപ്പിക്കാനും അതിനുവേണ്ട കാര്യങ്ങൾ ചെയ്യാനും ഗവൺമെന്റ് തയ്യാറാണ്. Project cost-ൽ തന്നെ കമ്പനികൾ, ചെറുകിട വ്യവസായങ്ങളൊക്കെ ഈ ട്രീറ്റ്മെന്റ് പ്ലാന്റ് ഉൾപ്പെടുത്തി വരുമ്പോൾ അതിന് ഗവൺമെന്റ് സാമ്പത്തിക സഹായം വരെ നൽകുന്നുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സംസ്ഥാനത്തെ വ്യാവസായിക സ്ഥാപനങ്ങളിൽ കാലഹരണപ്പെട്ട സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നതുമൂലം ധാരാളം മാലിന്യങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന യന്ത്രങ്ങൾ മാറ്റി പ്രകൃതിക്ക് അനുയോജ്യമായ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് കഴിയുന്നതാണോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അത് പൂർണ്ണമായും നമുക്ക് നിഷേധിക്കാൻ കഴിയുകയില്ല. ഇക്കാര്യത്തിൽ മറ്റ് വികസിത രാജ്യങ്ങളിലുള്ള പോലുള്ള സ്റ്റാൻഡേർഡ് നമ്മുടെ രാജ്യത്ത് കീപ്പ് ചെയ്യുന്നില്ല. എന്നാലും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പൊല്യൂഷനെ സംബന്ധിച്ച് ഗവൺമെന്റ് മോണിറ്റർ ചെയ്യുന്നുണ്ട്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇപ്പോൾ വ്യവസായങ്ങളുടെ സ്വഭാവം മാറിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും വലിയ വ്യവസായം എന്നുപറഞ്ഞാൽ ഐ.ടി. വ്യവസായമാണ്. ഐ.ടി. വ്യവസായ രംഗത്ത് ഇപ്പോൾ കൊച്ചിയിലെ ഇൻഫോ പാർക്കിൽ ഇ-മാലിന്യങ്ങളൊഴികെയുള്ള മൂന്ന് ടൺ മാലിന്യങ്ങൾ സംസ്കരിക്കാൻ ശേഷിയുള്ള ഒരു ഇൻസിനറേറ്ററാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി വന്ന് ഉദ്ഘാടനം ചെയ്തതാണത്. ഇൻഫോപാർക്കിലെപ്പോലുള്ള ഐ.ടി. മേഖലയിലുണ്ടാകുന്ന ഇ-മാലിന്യങ്ങൾ ഇപ്പോൾ അംഗീകൃത ഡിസ്പോസ്ബ്യൂട്ടേഴ്സിനെ ഏൽപ്പിച്ച് അവർ അത്

വിദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി നിർമ്മാർജനം ചെയ്യുകയാണ് ചെയ്യുന്നത്. രാജസ്ഥാൻപോലെയുള്ള മരുഭൂമിയിലാണ് ഇത്തരം മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത്. ഇത്രയും ഐ.ടി. വ്യവസായ മേഖലയുള്ള കേരളത്തിൽ ഇ-മാലിന്യ സംസ്കരണത്തിന് വേണ്ടിയുള്ള ഒരു പ്ലാന്റ് തുടങ്ങുന്നതിന് സാധിക്കുമോ?

നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, നമ്മുടെ കേരളത്തിൽ ആദ്യമായിട്ട് ഇപ്പോൾ ഇ-വേസ്റ്റ് ശേഖരിക്കാൻ ആരംഭിച്ചിട്ടുണ്ട്. ഇ-വേസ്റ്റ് കൂന്നുകൂടിയിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ഓഫീസുകളിൽ നിന്നും, ധാരാളം ട്യൂബുകളും ലൈറ്റുകളുമാക്കെയുള്ള ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുമൊക്കെ ഇവ ശേഖരിച്ച് ഇപ്പോൾ ഹൈദരാബാദിലേയ്ക്കാണ് അയയ്ക്കുന്നത്. ഹൈദരാബാദിൽ നിന്നാണ് അത് പ്രോസസ് ചെയ്യുന്നത്. ഒരു ഫാക്ടറി വർക്ക് ചെയ്യാൻവേണ്ടി അത്രയധികം ഇ-വേസ്റ്റ് ഉണ്ടെന്ന് ബോധ്യപ്പെടുന്ന സമയം, അല്ലെങ്കിൽ അത്രയും ഇ-വേസ്റ്റ് ലഭിക്കുന്ന സമയത്തു മാത്രമേ നമുക്കതിനെക്കുറിച്ച് ആലോചിക്കാൻ സാധിക്കുകയുള്ളൂ. അത് സജീവ പരിഗണനയിലുണ്ട്. അതിനെക്കുറിച്ച് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി: സർ, മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കളിമണ്ണ്, പാറഖനനം, ലാറ്ററൈറ്റ് ഖനനം തുടങ്ങിയവ നിയന്ത്രിക്കുന്നതിനും കർശനമായിട്ടുള്ള നിരീക്ഷണം നടത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ വിഷയങ്ങൾ സൃഷ്ടിക്കുന്ന അത്യന്തം ഗൗരവത്തോടുകൂടിയ സാമൂഹ്യ പ്രശ്നങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തീർച്ചയായിട്ടും ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സൃഷ്ടിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ സംസ്ഥാനത്തിനുതന്നെ ഒരു പ്രശ്നമായി വരികയാണ്. ഇത് പൂർണ്ണമായും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. ഓരോ ഘട്ടത്തിലും അതിന്റെ സ്വഭാവം അനുസരിച്ച് ശക്തമായ നടപടികൾക്ക് ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്.

ശ്രീ. വർക്കല കഹാർ: സർ, വ്യവസായങ്ങൾ പുറന്തള്ളുന്ന മാലിന്യങ്ങൾ ഒരു തലമുറയെത്തന്നെ രോഗികളാക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളുടെ ജീവിക്കാനുള്ള അവകാശത്തെ ഹനിക്കുന്നു. അതോടൊപ്പം തന്നെ ആയിരക്കണക്കിന് വരുന്ന തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നുണ്ട്. പരിഷ്കൃത വികസിത രാജ്യങ്ങളിലുള്ളതു പോലെയുള്ള സുരക്ഷാ സംവിധാനങ്ങൾ നമ്മുടെ നാട്ടിലില്ല. അത്തരം സുരക്ഷാ സംവിധാനങ്ങൾ ഇവിടെയും ഉറപ്പാക്കുന്നതിന് എക്സ്പെർട്ടുകൾ ഉൾപ്പെടെയുള്ളവരുടെ സേവനം ഉപയോഗിക്കാനും അത്തരത്തിൽ ചിന്തിക്കാനും സാധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇപ്പോൾ ലോകത്ത് ലഭ്യമായിട്ടുള്ള ആധുനിക സാങ്കേതിക വിദ്യകളൊക്കെത്തന്നെ പ്രയോജനപ്പെടുത്തിയാണ് വ്യവസായ മേഖലകളിലുള്ള മോണിറ്ററിംഗ് സിസ്റ്റവും മറ്റുമൊക്കെ ചെയ്യുന്നത്. അത് കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ശക്തിപ്പെടുത്തേണ്ട കാര്യമുണ്ടെന്നുള്ളത് വസ്തുതയാണ്, ഇടയാർ മേഖലയിലുള്ളതിനെ സംബന്ധിച്ച് ഞാൻ പറഞ്ഞു. അവിടെയിപ്പോൾ 100 ശതമാനം ആ പ്രോസസിംഗ് പ്ലാന്റ് വരണം. പക്ഷേ പഴയതിൽ നിന്ന് ഒരുപാട് വ്യത്യാസങ്ങൾ ഇപ്പോൾ വന്നിട്ടുണ്ട്. അത് ആധുനിക സാങ്കേതിക വിദ്യകളൊക്കെ പ്രയോജനപ്പെടുത്തിയിട്ട് തന്നെയാണ് നമ്മൾ കൊച്ചുകൊണ്ട് വരുന്നത്. എന്നാലും ആ ഒരു satisfactory standard-ലേയ്ക്ക് വരാൻ കുറേക്കൂടി കാര്യങ്ങളൊക്കെ ഇനിയും ചെയ്യേണ്ടതുണ്ട്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> സർ, ഇ-വേസ്റ്റ്, പൊല്യൂഷൻ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വളരെ ഗൗരവമായി ചിന്തിക്കേണ്ട ആവശ്യം ഇതുവരെ ഉണ്ടായിരുന്നില്ല. പക്ഷേ അടുത്തകാലത്തായി ഏറ്റവും ഭീഷണിയുയർത്തുന്ന ഒരു രംഗമായി ഇത് മാറി. അതുകൊണ്ട് ഇത്തരം മാലിന്യങ്ങൾ പ്രൊഡ്യൂസേഴ്സ് തന്നെ സംസ്കരിക്കുകയും, തിരിച്ചെടുക്കുകയും ചെയ്യുക, റീ സൈക്കിൾ ചെയ്ത് നിരുപദ്രവകരമാക്കുക തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ഒരു നിയമനിർമ്മാണം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, സോളിഡ് വേസ്റ്റ് നിർമ്മാർജ്ജനം പല രീതികളിൽ നമുക്ക് കൈകാര്യം ചെയ്യാം. അതിലൊന്നാണ് റീ സൈക്കിളിംഗ്. പ്ലാസ്റ്റിക്ക് നമുക്ക് റീ സൈക്കിൾ ചെയ്യാവുന്നതാണ്. റീ സൈക്കിളിംഗ് പോസിബിളായ സ്ഥലത്തൊക്കെ റീ സൈക്കിളിംഗ് പ്രോൽസാഹിപ്പിക്കാം. ഇ-വേസ്റ്റിനെ സംബന്ധിച്ച് ഇപ്പോൾ ശ്രീ. ബെന്നി ബഹനാന്റെ ചോദ്യത്തിനുത്തരമായി ഇ-വേസ്റ്റ് കളക്ട് ചെയ്ത് കൊണ്ടുപോയി നിർമ്മാർജ്ജനം ചെയ്യാമെന്ന് പറഞ്ഞു. അത് കുറെയൊക്കെ ഫലപ്രദമാകുന്നുണ്ട്. കൊച്ചിയിലുള്ള സംവിധാനം കൂടുതൽ വ്യവസായങ്ങൾ പ്രയോജനപ്പെടുത്തണം. അതിലെല്ലാം ഹസാർഡ്സ് വേസ്റ്റും, മറ്റെല്ലാ വേസ്റ്റും ഉണ്ട് അത് കൺവേർട്ട് ചെയ്ത്, പ്രോസ്സസ് ചെയ്യുകയാണ്. അങ്ങനെ വിവിധ സംവിധാനങ്ങളിലൂടെ ഇ-വേസ്റ്റ് ഉൾപ്പെടെയുള്ള ഇൻഡസ്ട്രി മാലിന്യം കുറെയൊക്കെ കൈകാര്യം ചെയ്യാൻ പറ്റും. മെഡിക്കൽ വേസ്റ്റ്, ഇ-വേസ്റ്റ്, ഇൻഡസ്ട്രി-വേസ്റ്റ് ഒക്കെ അണ്ടർ കൺട്രോൾ ആണ്. അതിനൊക്കെ വിവിധ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. അതാത് കമ്പനികളിൽ ചെയ്യുന്നതൊക്കെ അവിടെത്തന്നെ റീ സൈക്കിൾ ചെയ്യുന്നതിന് അവരെ പ്രോൽസാഹിപ്പിക്കാം. നിയമം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. വേസ്റ്റിനെക്കുറിച്ച് വിവിധ പ്രശ്നങ്ങളുണ്ട്. നിയമനിർമ്മാണം ആവശ്യമാണെങ്കിൽ അതു ചെയ്യുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വ്യവസായ മാലിന്യ പ്രശ്നം സംബന്ധിച്ച് അങ്ങ് നടത്തിയ ഒരു പ്രഖ്യാപനവുമായി ബന്ധപ്പെട്ടാണ് എനിക്ക് ചോദിക്കാനുള്ളത്, കേരളത്തിലെ വ്യവസായ നയം അനുസരിച്ച് ഇനി പരിസ്ഥിതി സൗഹൃദ വ്യവസായത്തിനാണ് പ്രസക്തി എന്ന് അങ്ങ് പ്രഖ്യാപിക്കുകയുണ്ടായി. ഈ നയവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇപ്പോൾ കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് ഇത്. കേരളത്തിൽ ഇനി പരിസ്ഥിതി അനുകൂല വ്യവസായങ്ങൾ മാത്രമേ പറ്റുകയുള്ളൂ. നിലവിലുള്ള വ്യവസായങ്ങളുടെ പ്രശ്നമാണ് നമ്മൾ ഇപ്പോൾ പറഞ്ഞതൊക്കെ. പരിസ്ഥിതി അനുകൂലമല്ലാത്ത വ്യവസായങ്ങൾക്ക് ഇപ്പോൾ അനുമതി കൊടുക്കുന്നില്ല, അതിനെ നിരുത്സാഹപ്പെടുത്തുകയാണ്. ഈ നിലയിൽ വ്യവസായ നയം തന്നെ മാറ്റാൻ തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഡ്രാഫ്റ്റായിട്ടുണ്ട്. വ്യവസായ നയത്തിലെ ചില മാറ്റങ്ങൾ ക്യാബിനറ്റിൽ ചർച്ച ചെയ്യാൻ പോകുകയാണ്. പരിസ്ഥിതി അനുകൂലമല്ലാത്ത, ഗ്രീൻ കാറ്റഗറി അല്ലാത്ത വ്യവസായങ്ങളെ ഭാവിയിൽ നിരുത്സാഹപ്പെടുത്തേണ്ടിവരും. പൊല്യൂഷൻ ഉള്ളത്, പരിസ്ഥിതിക്ക് കോട്ടം തട്ടുന്നത്, അങ്ങനെയുള്ള വ്യവസായങ്ങളെ കാറ്റഗറൈസ് ചെയ്ത് സാങ്ഷൻ കൊടുക്കാതിരിക്കുന്ന രീതി വരും. ഏതുതരം മൈനിംഗ് ആയാലും, അത് നമുക്ക് ജനറലായി പ്രോത്സാഹിപ്പിക്കാൻ സാധിക്കില്ല, പക്ഷേ പൂർണ്ണമായും നിരോധിക്കുവാനും പറ്റുന്നില്ല. അപ്പോൾ റാ-മെറ്റീരിയൽസ് ഷോർട്ടേജ് വരും. ക്വാറികൾ, ചെങ്കൽ ക്വാറികൾ, കളിമണ്ണ് ഖനനം ഇതിനൊക്കെ പ്രശ്നങ്ങളുണ്ട്. പക്ഷേ പൂർണ്ണമായി നിരോധിക്കാൻ കഴിയില്ല. അതുകൊണ്ട് വ്യവസായ നയത്തിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള ഡ്രാഫ്റ്റ് അടുത്തുതന്നെ ക്യാബിനറ്റിൽ ചർച്ച ചെയ്യും.

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാനത്ത് പൊതുമേഖലയിലും, സ്വകാര്യ മേഖലയിലും ഉള്ള വ്യവസായ സ്ഥാപനങ്ങൾ പുറന്തള്ളുന്ന മാലിന്യം കേരളത്തിലെ ജലസ്രോതസ്സുകളെ മലിനമാക്കുന്ന അപകടകരമായ സ്ഥിതിവിശേഷംമൂലം കേരളത്തിലെ പ്രധാന നദികളെല്ലാം അപകടകരമായ സ്ഥിതിയിൽ എത്തിച്ചേർന്നിരിക്കുകയാണ്. സുപ്രീം കോടതി ഇടപെട്ട് ചില മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിരിക്കുകയാണ്. വ്യവസായ സ്ഥാപനങ്ങൾ അടച്ചിടാൻ വരെ നിർദ്ദേശിച്ചിരിക്കുകയാണ്. അതിനെത്തുടർന്ന് കേരളത്തിലെ പല വ്യവസായ സ്ഥാപനങ്ങളും മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം അനുസരിച്ചുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി. പക്ഷേ ദൗർഭാഗ്യകരമായ ഒരു കാര്യം ഈ പൊല്യൂഷൻ കൺട്രോൾ ഡിവൈസസിന് ആവർത്തന ചെലവ് വളരെ കൂടുതൽ ആണ്. അതുകൊണ്ട് പൊല്യൂഷൻ കൺട്രോൾ ഡിവൈസസ് സ്ഥാപിക്കുകയും, അത് പ്രവർത്തനരഹിതമാക്കുകയുമാണ് കേരളത്തിലെ മിക്ക വ്യവസായ സ്ഥാപനങ്ങളും ചെയ്യുന്നത്. ഇതിന് ചെലവേറിയതുകൊണ്ട് ഏതെങ്കിലും ഏജൻസികളിലെ അല്ലെങ്കിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിലെ ഉദ്യോഗസ്ഥൻമാർ സന്ദർശിക്കുമ്പോൾ പ്രവർത്തിപ്പിക്കുകയും അല്ലാത്തപ്പോൾ പ്രവർത്തന രഹിതമാക്കുകയും ചെയ്യുന്ന ഒരു സംവിധാനം നിലവിലുണ്ട്. ഇത് കർശനമായി പരിശോധിക്കുവാനുള്ള സംവിധാനം സർക്കാർ ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സുപ്രീംകോടതി മോണിറ്ററിംഗ് കമ്മറ്റി ഒരു ഘട്ടത്തിൽ ആലുവ-ഇടയാർ മേഖലകളിലൊക്കെ വ്യവസായങ്ങൾ മുഴുവൻ അടച്ചിടാൻ പറയുന്ന സ്ഥിതി വരെയെത്തി. നമ്മുടെ ടി.ടി.പി ക്കൊക്കെ വന്ന പ്രശ്നവും അതുതന്നെയാണ്. പക്ഷേ അന്നൊരു താൽക്കാലികമായ സൊല്യൂഷൻ ഉണ്ടാക്കിയെങ്കിലും എല്ലാ സ്ഥലത്തും പെർഫക്ട് ആയിട്ടില്ല. ഈ കാര്യങ്ങൾ കൂടുതൽ കർശനമായി നമ്മൾ നടപ്പിലാക്കേണ്ടതുണ്ട്. അതിനെത്തുടർന്ന് വന്നതാണ് ഇടയാറിലെ ട്രീറ്റ്മെന്റ് പ്ലാന്റ്. അതിന് സർക്കാർ സ്ഥലം കൊടുത്തെങ്കിലും അവിടെ താമസിക്കുന്ന ജനങ്ങളുടെ എതിർപ്പുമൂലം നടപ്പിലായില്ല. ഈ കാര്യത്തിൽ ഒരുപാട് ഇംപ്രൂവ്മെന്റ് ഉണ്ടായിട്ടുണ്ടെങ്കിലും ഇനിയും നമുക്ക് ബഹുദൂരം പോകാനുണ്ട്. അത് ഗവൺമെന്റ് ശക്തമായി നടപ്പിലാക്കും.

ശ്രീ. സി. എഫ്. തോമസ്: സർ, പ്ലാസ്റ്റിക്ക് റീ സൈക്കിളിംഗിനെക്കുറിച്ച് അങ്ങ് പറഞ്ഞു. നമ്മുടെ വ്യവസായശാലകളിൽ ഉണ്ടാകുന്ന പ്ലാസ്റ്റിക്ക് മാലിന്യമാണെങ്കിലും, നമ്മുടെ ദൈനംദിന ജീവിതത്തിലെ പ്ലാസ്റ്റിക്ക് ആണെങ്കിലും മാലിന്യ നിർമ്മാജ്ജനത്തിലെ പ്രധാനപ്പെട്ട പ്രയാസമേറിയ ഭാഗമാണ്. ഇത് ത്വരിതഗതിയിലാക്കുവാൻ നഗര വികസന വകുപ്പുമന്ത്രി ചില പദ്ധതികൾ ആവിഷ്കരിച്ചു. നഗരങ്ങളിൽ കളക്ട് ചെയ്യുന്ന പ്ലാസ്റ്റിക്കിനെ റീ സൈക്കിൾ ചെയ്യാനുള്ള പദ്ധതികളെക്കുറിച്ച് പറഞ്ഞു. പക്ഷേ അത് കാര്യക്ഷമമായി പോകുന്നുണ്ടോ, അതിനുള്ള നടപടികൾ എത്രത്തോളമായി എന്നറിഞ്ഞാൽ കൊള്ളാം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, നഗരസഭകളിൽ നിന്നും, കോർപ്പറേഷനുകളിൽ നിന്നും പ്ലാസ്റ്റിക്ക് വേസ്റ്റ് കളക്ട് ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്ക് വേസ്റ്റ് എവിടെയൊക്കെ കൂനകൂടി കിടക്കുന്നുണ്ടോ, അതൊക്കെ ക്ലീൻ കേരള കമ്പനിയെ അറിയിച്ചാൽ അപ്പോൾ തന്നെ അവർ അത് കളക്ട് ചെയ്യുന്നുണ്ട്. ഇവിടെനിന്ന് തമിഴ്നാട്ടിലേയ്ക്കാണ് നമ്മൾ പ്ലാസ്റ്റിക്ക് അയച്ചിരുന്നത്, എന്നാൽ ഈ അടുത്തകാലത്ത് പക്ഷിപ്പനി ബാധിച്ചപ്പോൾ അതിന് ചെറിയ തടസ്സം നേരിട്ടു. ഇപ്പോൾ രണ്ടാം ഘട്ടത്തിൽ അത് പുനരാരംഭിച്ചിട്ടുണ്ട്. ഏതെല്ലാം നഗരസഭകളിലാണോ പ്ലാസ്റ്റിക്ക് വേസ്റ്റ് ഉള്ളത് അത് കളക്ട് ചെയ്ത് അയച്ചുകൊണ്ടിരിക്കുകയാണ്, വളരെ സുഖമായിട്ട് പോകുന്നുണ്ട്. വലിയ പ്രശ്നങ്ങൾ ഒന്നും ഇല്ല.

ശ്രീ. അൻവർ സാദത്ത്: സർ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ഇരുമ്പുരുക്ക് കമ്പനികൾ പുറന്തുവിടുന്ന മാലിന്യങ്ങൾമൂലം രോഗങ്ങൾ ഉണ്ടാകാൻ വളരെയധികം സാധ്യതയുണ്ടെന്നാണ് പഠനങ്ങളിൽ നിന്ന് മനസ്സിലാക്കുന്നത്. ഇതുപോലെയുള്ള ഫാക്ടറികൾ വരുമ്പോൾ ജനങ്ങൾ വലിയ പ്രക്ഷോഭത്തിലേക്കാണ് പോകുന്നത്. ആലുവയിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നാലാം മൈലിൽ ഒരു

662/2019.

ഇരുമ്പുരുക്ക കമ്പനി കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. ഞാൻ പലപ്പോഴും അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിനെതിരെ ജനങ്ങൾ നിവേദനം തയ്യാറാക്കുകയും എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരുമിച്ച് നിന്ന് ഒരു വലിയ ബഹുജന പ്രക്ഷോഭം ഇന്ന് നടത്തികൊണ്ടിരിക്കുകയുമാണ്. എന്തുകൊണ്ടാണ് ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലത്ത് ചില നിയമത്തിന്റേയും, പലകാരണങ്ങളുടേയും മറവിൽ അങ്ങനെയുള്ള കമ്പനികൾ സ്ഥാപിക്കുവാൻ ചില ശക്തികൾ ശ്രമിക്കുന്നത്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഇത് ഗവൺമെന്റ് അനുവദിക്കുമോ? ജനങ്ങൾക്ക് പരിസരമാലിന്യങ്ങൾ കൊണ്ട് കാൻസർ പോലുള്ള മാരകമായ രോഗങ്ങൾ വരുന്ന സാഹചര്യമാണ് നാട്ടിലുള്ളത്. അതുകൊണ്ട് ഈ ഫാക്ടറിയെക്കുറിച്ച് അന്വേഷിക്കുമോ, അല്ലെങ്കിൽ അത് റദ്ദ് ചെയ്യാനുള്ള തീരുമാനം അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ? എന്നാണ് ഈ അവസരത്തിൽ എനിക്ക് ജനങ്ങൾക്ക് വേണ്ടി സഭയിൽ ഉന്നയിക്കാനുള്ളത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇരുമ്പുരുക്ക് കമ്പനികളെ കൂടുതൽ പ്രോൽസാഹിപ്പിക്കുക എന്നത് നല്ലതല്ല. ഒരുപാട് ഇല്ക്യൂസിറ്റി ചെലവ്, അതുപോലെ പൊല്യൂഷൻ തുടങ്ങിയ പ്രശ്നങ്ങൾ നേരിടേണ്ടിവരും. ആലുവ-ഇടയാർ അവിടെ ഒരു കമ്പനി വന്നിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പർ ആണ് എന്റെ ശ്രദ്ധയിൽ പെടുത്തിയത്, തൽക്കാലം അതിന് പ്രവർത്തനാനുമതി കൊടുക്കണ്ട എന്ന നിലപാടാണ് ഗവൺമെന്റിനുള്ളത്. ജനങ്ങൾ തിങ്ങിത്താമസിക്കുന്ന ഏരിയയിൽ ഇരുമ്പുരുക്ക് കമ്പനികൾ വരുന്നത് അഭികാമ്യമായ കാര്യമല്ല. ഗവൺമെന്റ് അതിന് എതിരാണ്.

<u>ശ്രീ. കെ. എം. ഷാജി:</u> സർ, വ്യവസായികമായ പുരോഗതിയുടെ മറ്റൊരു വശമാണ് മാലിന്യപ്രശ്നങ്ങളും മലിനീകരണവുമൊക്കെ തന്നെ. അതിന്റെ വലിയ ദുരന്തം നേരിടുന്ന സ്ഥലമാണ് ജൈവവൈവിധ്യങ്ങളാൽ സംപുഷ്ടമായിട്ടുള്ള മാടായി പാറയും അതിന്റെ പരിസരവും. ചൈനാ ക്ലേഫാക്ടറിയുമായി ബന്ധപ്പെട്ട് ഒരുപാട് കാലങ്ങളായി അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതുമാണ്. വലിയ ജനകീയ പ്രക്ഷോഭമാണ് നടക്കുന്നത്. ഞാൻ അവിടെപ്പോയി പലതവണ കണ്ടതാണ്, വല്ലാത്ത ഒരു ദുരന്തമാണ് അവിടുത്തെ ജനങ്ങൾ അഭിമുഖീകരിക്കുന്നത്. അവരുടെ സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, മാടായിപ്പാറ ഭാഗത്തുള്ള ക്ലേ കമ്പനിയുടെ പൊല്യൂഷൻ ഭീകരം തന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് ഗവൺമെന്റ് കമ്പനിയുമാണ്. ഈ കമ്പനിയുടെ പ്രവർത്തനം നിർത്തിവയ്ക്കണം എന്നുള്ള ആൾ പാർട്ടി അഭിപ്രായം വന്നിട്ടുണ്ട്. അതേ അവസരത്തിൽ ടേഡ് യൂണിയനുകൾ അവരുടെ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ടേഡ് യൂണിയനുകളും നാട്ടുകാരുമായി ഗവൺമെന്റ് ചർച്ച നടത്തി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷാഫി പറമ്പിൽ : സർ. കേരളത്തിലെ ഒരു പ്രധാനപ്പെട്ട വ്യവസായ മേഖലയാണ് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്. നിരവധി വ്യവസായികൾ അവിടെയുണ്ട്. ആയിരക്കണക്കിന് ആളുകൾക്ക് തൊഴിലും കൊടുക്കുന്നുണ്ട്. തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് അവിടെ നിന്നും ഒരു ചോദ്യമുയർന്നു വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും ഇടപെട്ട് ആ പ്രശ്നം പരിഹരിച്ച് മുന്നോട്ട് പോകുന്നു. കേരളത്തിലേക്ക് പുതിയ വ്യവസായങ്ങൾ വരുന്നതിനുവേണ്ടി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഈ മലിനീകരണ പ്രശ്നം പരിഹരിക്കുന്നതുൾപ്പടെയുള്ള കാര്യങ്ങൾ ചേർത്ത് കഞ്ചിക്കോടിന്റെ വ്യവസായ സാധ്യതകളെ ഒന്നുകൂടി പരിശോധിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള സപ്പോർട്ടോടുകൂടി അവിടെ ഒരു സെക്കന്റ് റവല്യൂഷൻ ഉണ്ടാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റിന് എടുക്കാൻ കഴിയുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, കഞ്ചിക്കോട് ഒരു വ്യവസായ മേഖലയായി വളർന്നുവരാൻ ധാരാളം സാധ്യതകളുള്ള ഒരു ഏരിയ തന്നെയാണ് യാതൊരു സംശയവുമില്ല. നിലവിലുള്ള വ്യവസായങ്ങളിൽ പഴയ കാലത്ത് അനുവദിച്ച വ്യവസായ സ്ഥാപനങ്ങളിൽ പ്രശ്നങ്ങളുള്ള കുറെ വ്യവസായങ്ങളുണ്ട്, അത് വേറെ ഒരു ഇഷ്യൂവായി കൈകാര്യം ചെയ്തുകൊണ്ട് പോകാം. ഈയിടെയുണ്ടായ പ്രശ്നങ്ങളിൽ കമ്പനികളോട് തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തി മാത്രമേ ഉറക്കാവൂ എന്നൊരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനുള്ള സമയം അവർക്ക് നൽകുകയും ആ സമയ പരിധിക്കുള്ളിൽ അവിടെ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന നടപടികളെടുക്കാൻ വേണ്ടി കർശനമായി നിർദ്ദേശം കൊടുത്തിട്ടുമുണ്ട്. ആ സമയപരിധിക്കുള്ളിൽ അവർ നിർവ്വഹിക്കുകയാണെങ്കിൽ തുറന്ന് പ്രവർത്തിക്കുന്നതിനു കുഴപ്പമില്ല. ആ മേഖലയെ പൊല്യൂഷനില്ലാത്ത ന്യൂ ജനറേഷൻ വ്യവസായ മേഖലയായി വളർത്തിക്കൊണ്ട് വരാൻ ധാരാളം സാധ്യതകളുണ്ട്. ഗവൺമെന്റ് അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള : സർ, നമ്മുടെ വ്യവസായ മേഖല ഇന്ന് ഏറെ ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വ്യവസായ രംഗത്ത് വലിയൊരു ഉണർവ്വും ആവേശവുമൊക്കെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പുതിയ ചെറുപ്പക്കാർ വ്യവസായ മേഖലയിലേയ്ക്ക് കടന്ന് വരികയാണ്. യുവ സംരംഭകർക്കുവേണ്ടി നടത്തിയിട്ടുള്ള "യെസ്" മീറ്റിൽ ആയിരക്കണക്കിന് യുവാക്കളും വിദ്യാർത്ഥികളുമാണ് വളരെ താൽപ്പര്യത്തോടുകൂടി പങ്കെടുത്തത്. അങ്ങനെ പരിസ്ഥിതി സൗഹൃദ വ്യവസായവുമായി ബന്ധപ്പെട്ട് കാമ്പയിൻ നടക്കുകയാണ്. കുന്നമംഗലത്ത് പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളെ സ്വാഗതം ചെയ്തുകൊണ്ട് നിരവധി ദിവസങ്ങളിൽ സത്യാഗ്രഹം വരെ നടത്തിയിട്ടുണ്ട്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ നമ്മുടെ ശ്രദ്ധ പതിയേണ്ട മറ്റൊരു മേഖലയാണ് ടെക്സ്റ്റൈൽ മേഖല. ഈ മേഖല ഇന്ന് വലിയ പ്രതിസന്ധി

നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ വ്യവസായത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുകയാണെന്നുള്ള കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. എന്നാൽക്കൂടി ഈ ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിനു വേണ്ടി ഗവൺമെന്റ് എന്തെങ്കിലുമൊരു പ്രത്യേക പാക്കേജ് വയ്ക്കുന്നുണ്ടോ ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> : ടെക്സ്റ്റൈൽ മേഖല ഇന്ന് വലിയ പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയാണെന്നുള്ളത് ഒരു വസ്തുതയാണ്. ഒരു ഭാഗത്ത് ചെറുകിട വ്യവസായ മേഖലകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇപ്പോൾ ഇൻഡ്യയിൽ ഏറ്റവും അധികം എം.എസ്.എം.ഇ. സെക്ടറിൽ ശതമാന വർദ്ധനവ് നോക്കുകയാണെങ്കിൽ വലിയ പുരോഗതിയുള്ള ഒരു സ്റ്റേറ്റാണ് കേരളം. അതുപോലെ പുതിയ മേഖലകൾ ഓരോന്നും ഇറങ്ങി വരുന്നുണ്ട്. യുവതികളും യുവാക്കളുമടക്കം ഒരുപാട് ആളുകൾ ന്യൂ ജനറേഷൻ പദ്ധതികളിലേക്ക് വരുന്നുണ്ട്. പക്ഷേ പഴയ വ്യവസായമായ ഇണി മില്ലുകൾ അതിനുദാഹരണമാണ്. ഇത്തരം വ്യവസായങ്ങൾ ഇന്ന് വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. നഷ്ടം സബ്സിഡൈസ് ചെയ്ത് ഗവൺമെന്റ് കൊണ്ട് പോകുകയാണ്. ഒന്നുകിൽ ടെക്സ്റ്റൈൽ മേഖലയിലുള്ള ഇപ്പോഴത്തെ മാന്ദ്യം ഇംപ്രൂവ് ചെയ്യണം അതല്ലെങ്കിൽ മറ്റെന്തെങ്കിലും നടപടികൾ എടുക്കേണ്ടിവരും. അത് വലിയ ഒരു ഇഷ്യൂ തന്നെയാണ്. യാതൊരു സംശയവുമില്ല. അത് ഗവൺമെന്റ് സീരിയസ്സായി എടുത്തിട്ടുണ്ട്.

<u>ശ്രീ. ഹൈബി ഈഡൻ</u> : സർ, വ്യവസായ മാലിന്യം പോലെ തന്നെ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ഹെൽത്ത് വേസ്റ്റ്. പല ക്ലിനിക്കൽ ലാബുകളിൽ നിന്നും ആശുപത്രികളിൽ നിന്നും ഉണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരണം നടത്തിയിരുന്നത് എറണാകുളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന IMAGE എന്ന ഒരു സ്ഥാപനമായിരുന്നു. ഇവ കളക്ട് ചെയ്ത് സംസ്കരിച്ചിരുന്നതും അത് റീസൈക്കിൾ ചെയ്തുകൊണ്ടിരുന്നതും പ്രസ്തുത സ്ഥാപനമാണ്. എന്നാൽ ഈയിടയായി പല കമ്പനികളുടെയും ഹോസ്പിറ്റലുകളുടെയും വേസ്റ്റ് എടുക്കാത്ത ഒരു സ്ഥിതി വിശേഷമുണ്ടായി. പൊല്യൂഷൻ കൺട്രോൾ ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള ഒരു ബാൻ ആണ് അതിന് കാരണം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എത്രയും പെട്ടെന്ന് മാലിന്യം കളക്ട് ചെയ്യുന്നതിനുള്ള അനുമതി IMAGE- ന് കൊടുത്തില്ലെങ്കിൽ പല സ്ഥലത്തും വലിയ തോതിലുള്ള മാലിന്യ പ്രശ്നങ്ങളുണ്ടാകാനുള്ള സാധ്യതയുണ്ട്. ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> : മെഡിക്കൽ വേസ്റ്റ് ഡിസ്പോസ് ചെയ്യാനുള്ള സംവിധാനം നിലവിൽ പാലക്കാട്ടും കൊച്ചിയിലുമുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് ബാൻ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് മലിനീകരണ നിയന്ത്രണ വകുപ്പുമന്ത്രി വ്യക്തമാക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : മെഡിക്കൽ വേസ്റ്റിന് ബാൻ ഏർപ്പെടുത്തുകയല്ല അത് ഡിസ്പോസ്സ് ചെയ്യുന്നതിനുള്ള നടപടികളാണ് വേണ്ടത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതുപോലെ ഡോക്ടേഴ്സ് അസ്സോസിയേഷൻ പാലക്കാട്ട് ഒരു യൂണിറ്റ് നടത്തുന്നുണ്ട്. എറണാകുളത്തും ഒരു സ്ഥലം അവർ നോക്കുന്നുണ്ട്. തിരുവനന്തപുരത്തും ഒരു പ്ലാന്റ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇത് ചെയ്യാത്ത സ്ഥാപനങ്ങളെ സംബന്ധിച്ച് പൊല്യൂഷൻ കൺട്രോൾ ബോർഡ് അതിന്റെ തുടർപ്രവർത്തനം നിർത്തി വയ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, കേരളത്തിലെ ഓരോ വ്യവസായ സ്ഥാപനങ്ങളും ഓരോ ഇനത്തിൽപ്പെട്ട വേസ്റ്റ് അല്ലെങ്കിൽ മാലിന്യങ്ങളായിരിക്കും സൃഷ്ടിക്കുക. അതിനെ ഓരോന്നിനേയും ഇനം തിരിച്ച് നേരിടാനുള്ള ശാസ്ത്രീയമായ സംവിധാനങ്ങൾ നിലവിലുണ്ടോ? മലിനീകരണ നിയന്ത്രണ ബോർഡ് ഏത് സാഹചര്യങ്ങളെയും നേരിടാൻ പര്യാപ്തമാണോ സുസജ്ജമാണോ? അതിന്റെ ക്രെഡിബിലിറ്റി ഇപ്പോൾ പഴയതു പോലെയില്ലായെന്ന് എല്ലാപേർക്കുമറിയാമെന്ന ഒരു സാഹചര്യമുണ്ട്. വളരെ ശക്തമായ രീതിയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം ആവിഷ്കരിക്കുന്നതിനും അതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ആ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ചോദ്യം നമ്പർ *332.....

(അംഗങ്ങളാരും ചോദ്യം ചോദിച്ചില്ല)

ഈ ചോദ്യത്തിന് പേര് തന്നിട്ടുള്ള അംഗങ്ങളാരെങ്കിലും ചോദ്യം ചോദിച്ചാൽ മാത്രമെ അത് എടുക്കുവാൻ സാധിക്കൂ. പേര് തന്നിട്ടുള്ളവരാരും ചോദിച്ചിട്ടില്ല. അതുകൊണ്ട് ഈ ചോദ്യം എടുക്കാൻ നിർവ്വാഹമില്ല. സ്റ്റാർഡ് ക്വസ്റ്റ്യനാണ്. അതുകൊണ്ട് ആ ചോദ്യം വന്നിട്ടില്ല.

ചോദ്യം നമ്പർ *333

(അംഗങ്ങളാരും ചോദ്യം ചോദിച്ചില്ല)

വൈദ്യുത പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന് നടപടികൾ

2 (*334) ശ്രീ. പി. എ. മാധവൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. റ്റി. എൻ. പ്രതാപൻ:
ശ്രീ. എം. പി. വിൻസെന്റ് : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly